## ഡാമുകളിലെ വെള്ളത്തിന്റെ അളവെടുക്കാൻ സംവിധാനം

27 [T3614] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

" വി. ജെ. പൗലോസ്:

" എൻ. ഡി. അപ്പച്ചൻ:

" എൻ. ശക്തൻ:

" എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുണക്കടവ്, പെരുവാരിപ്പള്ളം, പറമ്പിക്കുളം എന്നീ ഡാമുകളിലെ വെള്ളത്തിന്റെ അളവെടുക്കാൻ ആവശ്യമായ ഏർപ്പാടുകൾ എവിടെയെല്ലാം ഒരുക്കിയിട്ടുണ്ട്;

(ബി) ഇതിനായി എന്തെല്ലാം ഏർപ്പാടുകളാണ് ഒരുക്കിയിട്ടുള്ളത്;

(സി) വെള്ളത്തിന്റെ അളവെടുക്കാൻ സ്വീകരിച്ചിട്ടുള്ള ശാസ്ത്രീയ മാർഗ്ഗം ഏതാണ്;

(ഡി) ഇവിടങ്ങളിൽ വെള്ളത്തിന്റെ അളവെടുക്കുവാനുള്ള ചുമതല ഏൽപ്പിക്കപ്പെട്ടവർ ഇതു കൃത്യമായി ചെയ്യുന്നുണ്ടോ; ഇത് ഉറപ്പാക്കുന്നത് എപ്രകാരമാണ്?

### ഉത്തരം

(എ) തുണക്കടവ്, പെരുവാരിപ്പള്ളം, പറമ്പിക്കുളം ഡാമുകളിലെ ജലനിരപ്പും ഇതിൽ നിന്ന് പുറത്തേക്കൊഴുകുന്ന വെള്ളത്തിന്റെ അളവും എല്ലാ ദിവസവും എടുക്കുന്നതിനുള്ള സംവിധാനം അതാത് ഡാമുകളിലുണ്ട്.

(ബി) പറമ്പിക്കുളം ആസ്ഥാനമായി ജലവിഭവ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സബ്ഡിവിഷനും പറമ്പിക്കുളം, സർക്കാർപതി എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന രണ്ട് സെക്ഷൻ ഓഫീസുകളും ആണ് ഗേജിംഗ് നിർവ്വഹിക്കുന്നത്.

(സി) ജലസംഭരണിയിലെ ജലനിരപ്പ് നോക്കുന്നതിന് അന്തർദേശീയ നിലവാരത്തിൽ ഉപയോഗിക്കുന്ന Automatic Water Level Recorder-Manual Gauging സംവിധാനവും തുറന്നുവിടുന്ന വെള്ളത്തിന്റെ അളവെടുക്കാൻ കറന്റ് മീറ്റർ ഗേജിംഗിലൂടെ സാദ്ധ്യമാക്കുന്ന Discharge measurement സിസ്റ്റവുമാണ് നിലവിലുള്ളത്.

---

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. ഗേജ് റീഡിംഗിനായി നിയോഗിക്കപ്പെട്ടവർ ജോലി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി ഏഴ് അസി. ഡയറക്ടർമാരും (അസി. എഞ്ചിനീയർ) ഇവരെ സൂപ്രവൈസ് ചെയ്യുന്നതിന് രണ്ട് ഡെപ്യൂട്ടി ഡയറക്ടർമാരും (അസി. എക്സി. എഞ്ചിനീയർ) ഉണ്ട്. ഗേജിംഗിന്റെ മൊത്തത്തിലുള്ള കാര്യക്ഷമത എക്സി. എഞ്ചിനീയറുടെ റാങ്കിലുള്ള ഒരു ജോയിന്റ് ഡയറക്ടർ ഉറപ്പുവരുത്തുകയും ഓരോ ദൈവാര മീറ്റിംഗുകളിലും ജലത്തിന്റെ കണക്കുകൾ ഒത്തുനോക്കുകയും വാർഷിക കണക്കുകൾ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ മീറ്റിംഗുകളിൽ വച്ച് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

## കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന സ്കീമുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള തീരുമാനം

28 [3615], ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന സ്കീമുകൾ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) അപ്രകാരം ഏതെങ്കിലും സ്കീമുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ അവയുടെ വിവരം നൽകാമോ;

(സി) പ്രസ്തുത സ്കീമുകൾ എറ്റെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറായിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ ആന്റ് ബി) 1050 ഏകതല പഞ്ചായത്ത് സ്കീമുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ 163 സ്കീമുകൾ കൈമാറിയതിൽ 98 എണ്ണം തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. കൈമാറിയ 163 സ്കീമുകളുടെ ലിസ്റ്റ് അനുബന്ധമായി കൊടുത്തിരിക്കുന്നു. †

(സി ആന്റ് ഡി) 163 സ്കീമുകൾ കൈമാറിയതിൽ 98 എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്കീമുകൾ ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്നുണ്ട്. ആയതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിന് നടപടി സ്വീകരിക്കാവുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly